പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4201.

26.06.2013-ലെ മറുപടിയ്ക്ക്

## തീരദേശ ലൈഫ് ഗാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം മേഖലയിൽ സേവന മനുഷ്ഠിക്കുന്ന തീരദേശ ലൈഫ് ഗാർഡുകളെ സംബന്ധിക്കുന്ന വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. ടൂറിസം വകുപ്പിന്റെ കീഴിൽ കേരളത്തിലെ വിവിധ ബീച്ചുകളിലായി 135 ലൈഫ് ഗാർഡുകൾ, 4 ലൈഫ് ഗാർഡ് സൂപ്പർവൈസർമാർ, 1 ലൈഫ് ഗാർഡ് ചീഫ് കോർഡിനേറ്റർ എന്നിവർ നിലവിൽ ജോലി ചെയ്തു വരുന്നു. |
| (ബി) ഇതിൽ പത്ത് വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ചവരുടെ എണ്ണമെത്രയാണ്; | (ബി) പത്തു വർഷം പൂർത്തിയാക്കിയ 42 പേർ നിലവിൽ ജോലി ചെയ്യുന്നു. |
| (സി) ഇവരുടെ നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (സി) ലൈഫ് ഗാർഡ് സർവ്വീസിലേയ്ക്ക് ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) ഇത്തരം ലൈഫ് ഗാർഡുകളുടെ സേവന-വേതന വ്യവസ്ഥകൾ വിശദമാക്കാമോ; | (ഡി) ബീച്ചുകളിൽ അപകടത്തിൽപ്പെടുന്ന വിനോദസഞ്ചാരികളുടെ ജീവൻരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് അവരുടെ ജീവൻ രക്ഷിക്കുക എന്നുള്ളതാണ് ലൈഫ് ഗാർഡുകളുടെ പ്രാഥമിക കർത്തവ്യം. ലൈഫ്ഗാർഡുകൾക്ക് ജീവൻരക്ഷാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ നൽകി വരുന്നു. ടൂറിസം വകുപ്പിനു കീഴിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകളുടെ സേവന വേതന |

വ്യവസ്ഥകൾ താഴെപ്പറയും വിധം ആകുന്നു.

| | ലൈഫ് ഗാർഡ് | ലൈഫ് ഗാർഡ് സൂപ്പർ വൈസർ | ലൈഫ് ഗാർഡ് ചീഫ് കോർഡി നേറ്റർ |
|---|---|---|---|
| ദിവസ വേതനം | ₹300/- | ₹325/- | ₹350/- |
| ഫുഡ് അലവൻസ് | ₹50/- | ₹50/- | ₹50/- |
| റിസ്ക് അലവൻസ് | ₹30/- | ₹30/- | ₹30/- |

ഇതോടൊപ്പം വാഷിംഗ് അലവൻസായി പ്രതിമാസം 25/- രൂപ നൽകി വരുന്നു.

(ഇ) അഞ്ച് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള തീരദേശ ലൈഫ് ഗാർഡുകളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

FROM :DIRECTORAT OF TOURISM FAX NO. :04712322279 25 Jun. 2013 4:08AM P1

ATTENTION TO JOINT SECRETARY, TOURISM (A) DEPARTMENT

കേരള സർക്കാർ
സംഗ്രഹം

ടൂറിസം വകുപ്പ് - ലൈഫ് ഗാർഡ് സർവ്വീസ് - നിയമനത്തിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും, നിയമനം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടൂറിസം (എ) വകുപ്പ്

സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 6/06ടൂറിസം, തീയതി, തിരുവനന്തപുരം 05/01/2006.

പരാമർശം : 1) 28.6.86-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.211/86/ജിഎഡി.
2) ടൂറിസം ഡയറക്ടറുടെ 23.2.05-ലെ സി3/1494/2004 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം ഒന്നുപ്രകാരം കേരള ടൂറിസത്തിന്റെ പ്രധാന ഉൽപന്നമായ ബീച്ചുകളുടെ സൗന്ദര്യം ആസ്വദിക്കാനെത്തുന്ന ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി തിരുവനന്തപുരം ജില്ലയിൽ ലൈഫ് ഗാർഡ് സർവ്വീസ് ആരംഭിച്ചു. ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രം ലഭ്യമാക്കിയിട്ടുള്ള ലൈഫ് ഗാർഡുകളുടെ സേവനം മറ്റു ജില്ലകളിലുള്ള ബീച്ചുകളിൽകൂടി ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലെയും ബീച്ചുകളുടെ പ്രാധാന്യവും വിനോദസഞ്ചാരികളുടെ എണ്ണവും കണക്കിലെടുത്തുകൊണ്ട് ആകെ ആവശ്യമായ ലൈഫ് ഗാർഡുകളുടെ എണ്ണവും ലൈഫ് ഗാർഡ് സർവ്വീസിലേക്ക് നിയമനം നടത്തുന്നതിനുള്ള മാർഗ്ഗരേഖയും സൂചന രണ്ടുപ്രകാരം ടൂറിസം ഡയറക്ടർ സമർപ്പിച്ചു.

ടൂറിസം ഡയറക്ടറുടെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. ബീച്ച് ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും വിനോദസഞ്ചാരികളെ കൂടുതൽ ഇതിലേക്ക് ആകർഷിക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. കൂടാതെ, ബീച്ച് സർക്യൂട്ടിൽ ഉൾപ്പെടുത്തി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ബീച്ചുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും കേന്ദ്രസഹായത്തോടെ നടപ്പിലാക്കാനുള്ള പദ്ധതി താമസിയാതെ നിലവിൽ വരുന്നതുമാണ്.

ഈ സാഹചര്യത്തിൽ ലൈഫ് ഗാർഡ് സർവ്വീസിലേക്ക് ആളുകളെ തെരഞ്ഞെടുക്കുന്നതിനും നിയമിക്കുന്നതിനുമുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള പ്രസ്തുത മാർഗ്ഗരേഖ അനുസരിച്ച് ലൈഫ്ഗാർഡ് സർവ്വീസിലേക്ക് 111 അംഗങ്ങളെക്കൂടി ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
ഇ.കെ.ഭരത് ഭൂഷൺ
പ്രിൻസിപ്പൽ സെക്രട്ടറി (ടൂറിസം)

ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

67 5

വിനോദസഞ്ചാരവകുപ്പിൻ കീഴിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ലൈഫ് ഗാർഡുകളെ (പുരുഷന്മാർ മാത്രം) തെരെഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗരേഖ

വിനോദസഞ്ചാരവകുപ്പിൻ കീഴിൽ വിവിധ ബീച്ചുകളിൽ ലൈഫ് ഗാർഡ് ത്സ്തികയിലേക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ താത്ക്കാലികമായി നിയമിക്കപ്പെടുന്നതിനുള്ള തെരെഞ്ഞെടുപ്പാണ് നടത്തുന്നത്. തെരെഞ്ഞെടുപ്പ് തീർത്തും താത്കാലിക അടിസ്ഥാനത്തിലുള്ളതാണെങ്കിലും സേവനം തൃപ്തികരമെന്ന് തോന്നുന്ന പക്ഷം സർവ്വീസ് നീട്ടിക്കൊടുക്കാവുന്നതാണ്. ജില്ലാ അടിസ്ഥാനത്തിലുള്ള ഒഴിവുകളിലേക്ക് നിയമിക്കപ്പെടുന്നതിനായി ഓരോ ജില്ലയിലും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. തെരെഞ്ഞെടുപ്പ് നടപടികൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖല തിരിച്ച് നടത്തുന്നതുമാണ്. ഈ തസ്തികയിൽ മൂന്നു വിഭാഗങ്ങളിൽ നിന്നായിരിക്കും തെരഞ്ഞെടുപ്പ് നടത്തുന്നത്.

**കാറ്റഗറി- 1: ഫിഷർമാൻ**

**യോഗ്യത-** VII-ാം സ്റ്റാൻഡേർഡ് വരെയുള്ള വിദ്യഭ്യാസവും ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭിച്ച ഫിഷർമാൻ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം

**കാറ്റഗറി -2- ജനറൽ-**

**യോഗ്യത-** S.S.L.C പാസായിരിക്കണം. കൂടാതെ നീന്തലിൽ പ്രാവീണ്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് / സ്കൂൾ, കോളേജ്, കായിക മത്സരങ്ങളിൽ നീന്തലിൽ സംസ്ഥാനതലത്തിൽ പങ്കെടുത്തിട്ടുള്ളവരായിരിക്കണം.

**കാറ്റഗറി-3- എക്സ്-നേവി**

**യോഗ്യത-** നാവികസേനയിൽ നിന്ന് കുറഞ്ഞത് 15 വർഷത്തെ സേവനത്തിനു ശേഷം വിരമിച്ചവർക്കും അപേക്ഷിക്കാം.

2. ശാരീരിക യോഗ്യത (എല്ലാ കാറ്റഗറിയ്ക്കും)

ഉയരം : 5' 5"

നെഞ്ചളവ് : സാധാരണ 80 സെ.മീ

വികസിപ്പിക്കുമ്പോൾ 85 സെ.മീ കൂടാതെ നല്ല കായിക ശേഷിയും കടലിൽ നീന്തുന്നതിനുള്ള പരിചയവും ഉണ്ടായിരിക്കണം.

3. പ്രായം : 01-01-2005-ൽ 18 വയസ്സിനും 35 വയസ്സിനും ഇടയിൽ. നാവികസേനയിൽ നിന്ന് വിരമിച്ചവർക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് ഉണ്ടായിരിക്കുന്നതാണ്.

4. തെരെഞ്ഞെടുപ്പ് നടപടിക്രമം

ഡി.റ്റി.പി.സി. ഓരോ ജില്ലയിലേയും ഒഴിവിലേയ്ക്ക് പ്രത്യേകം അപേക്ഷകൾ സ്വീകരിച്ച് ഡയറക്ടറേറ്റിൽ സമർപ്പിക്കുന്നതാണ്. കായികശേഷി, കടലിൽ നീന്തുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനുമുള്ള കഴിവ്, ആരോഗ്യാവസ്ഥ എന്നിവ പരിശോധിച്ചശേഷം നടക്കുന്ന ഇന്റർവ്യൂവിൽ ലഭിക്കുന്ന മാർക്കിന്റെ

അടിസ്ഥാനത്തിൽ ഓരോ ജില്ലയിലേക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അതാത് ജില്ലയിൽ നിന്നുള്ള അപേക്ഷകർക്ക് ഇന്റർവ്യൂവിൽ വെയിറ്റേജ് നൽകുന്നതാണ്.

<u>ഇന്റർവ്യൂ ബോർഡ്</u>

ഇന്റർവ്യൂ ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കും.

1. ഡയറക്ടർ, ടൂറിസം (ചെയർമാൻ)
2. ഡയറക്ടർ, കിറ്റ്സ് (മെമ്പർ)
3. ക്യാപ്റ്റൻ പി.കെ.ആർ നായർ (മെമ്പർ)
   (ഫോർമർ പോർട്ട് ഡയറക്ടർ & മറൈൻ അഡ്വൈസർ ടു കേരള ഗവ.)

5. തെരഞ്ഞെടുക്കപ്പെടുന്നവരുടെ വേതനം

| | |
|---|---|
| ദിവസക്കൂലി - | Rs. 160/- |
| ഫുഡ് അലവൻസ് - | Rs. 50/- |
| റിസ്ക് അലവൻസ് - | Rs. 30/- |
| വാഷിംഗ് അലവൻസ് - | Rs. 25/- (പ്രതിമാസം) |

6. പരിശീലനം

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 30 ദിവസത്തെ പരിശീലനം വകുപ്പ് നൽകുന്നതാണ്. പരിശീലനകാലത്ത് പൂർണ്ണ വേതനത്തിനുള്ള അർഹത ഉണ്ടായിരിക്കും.

സെക്രട്ടറി ടൂറിസം